# കേരള സർവകലാശാല

നം.പി.ആർ.248/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2019 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി മാത്തമാറ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 25,26,27 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

2019 നവംബറിൽ നടത്തുന്ന റെഗുലർ ബി. ടെക്ക് എട്ടാം സെമസ്റ്റർ (2008 സ്കീം, 2013 സ്കീം) കോഴ്സ് കോഡിൽ വരുന്ന ബി.ടെക്ക് പാർട്ട് ടൈം റിസ്ട്രക്ച്ചേർഡ് സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

### ഓൺലൈൻ രജിസ്ട്രേഷൻ

2019 ഡിസംബർ മാസം നടക്കുന്ന ഒന്നാം സെമസ്റ്റർ പി.ജി പരീക്ഷയക്ക് പിഴകൂടാതെ നവംബർ 26 വരെയും 150 രൂപ പിഴയോടുകൂടി നവംബർ 28 വരെയും 400 രൂപ പിഴയോടുകൂടി നവംബർ 30 വരെയും ഫീസടച്ച് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

### പരീക്ഷാ ഫീസ്

2019 ഡിസംബർ 16 ന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ബി. ഡെസ്സ്, മൂന്നാം സെമസ്റ്റർ, എം.വി.എ (പെയിന്റിംഗ്) എന്നീ ഡിഗ്രി പരീക്ഷകൾക്ക് പിഴകൂടാതെ ഡിസംബർ 2 വരെയും 150 രൂപ പിഴയോടുകൂടി ഡിസംബർ 4 വരെയും 400 രൂപ പിഴയോടുകൂടി ഡിസംബർ 6 വരെ അപേക്ഷിക്കാവുന്നതാണ്.

### പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എം.ടെക്ക് (ഫുൾടൈം / പാർട്ട് ടൈം) നാലാം സെമസ്റ്റർ എം.ടെക്ക് (പാർട്ട് ടൈം),രണ്ടാം സെമസ്റ്റർ എം.ആർക്ക് (2013 സ്കീം സപ്ലിമെന്ററി) പരീക്ഷകളുടെ (എല്ലാ ബ്രാഞ്ചുകളും) ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കായി ഡിസംബർ 10 വരെ അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## തീയതി മാറ്റി

2019 നവംബർ 25, 27 തീയതികളിലായി നടത്തുവാൻ നിശ്ചയിച്ചിരുന്ന യു.ഐ.ടി കളിലെ കരാർ അടിസ്ഥാനത്തിലുള്ള കൊമേഴ്സ് അധ്യാപകരുടെ ഇന്റർവ്യൂ മാറ്റിവച്ചിരിക്കുന്നു.

## ഭരണഘടന ദിനാഘോഷം

2019 നവംബർ 26, ചൊവ്വാഴ്ച കേരള സർവ്വകലാശാലയുടെ ഡോ.ബി.ആർ അംബേദ്കർ ചെയറിന്റെ ആഭിമുഖ്യത്തിൽ ഭരണഘടന ദിനാഘോഷങ്ങളുടെ ഭാഗമായി "ഭാരതത്തിന്റെ ഭരണഘടന" എന്ന വിഷയത്തിൽ ശിൽപ്പശാല സംഘടിപ്പിക്കുന്നു. ശില്പശാല ബഹു. കേരള ലോകായുക്ത ശ്രീ. ജസ്റ്റിസ് സിറിയക് ജോസഫ് ഉദ്ഘാടനം ചെയ്തു സംസാരിക്കും. അഡ്വ.സഞ്ജയ് ആർ ഹെഗ്ഡെ (സീനിയർ അഭിഭാഷകൻ, സുപ്രീംകോടതി) , ശ്രീ.എസ്.എം വിജയാനന്ദ് (ചെയർമാൻ ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ) തുടങ്ങിയവർ മുഖ്യപ്രഭാഷണം നടത്തും.

തിരുവനന്തപുരം,

23.11.2019

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098